# SSLC Examination March-2018

## Social Science (MALAYALAM)

### Answer Key

TOTAL SCORE: 80

### Part A

score

1. ക്വിറ്റ് ഇന്ത്യാ സമരം 1
2. സഹകരണ ബാങ്കുകൾ 1
3. അരിസ്റ്റോട്ടിൽ 1
4. 4
   - ഫോർവേഡ് ബ്ലോക്ക് രാഷ്ട്രീയ പാർട്ടി
   - ഇന്ത്യൻ നാഷണൽ ആർമി നേതൃത്വം
   - സിംഗപ്പൂരിൽവച്ച് സ്വതന്ത്രഭാരതത്തിന് താല്ക്കാലിക ഗവൺമെന്റ് രൂപീകരിച്ചു.
   - ജപ്പാന്റെ സഹായത്തോടെ INA ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തി ഇംഫാലിൽ ദേശീയപതാക ഉയർത്തി.
5. 3
   - മൺസൂണിന്റെ പിൻവാങ്ങൽകാലം.
   - ബംഗാൾ ഉൾക്കടലിൽ നിന്നും ന്യൂനമർദത്താൽ ആകർഷിക്കപ്പെട്ട് കരയിൽ നിന്നും കടലിലേയ്ക്ക് വീശുന്ന കാറ്റുകൾ ബംഗാൾ ഉൾക്കടലിൽ നിന്ന് ഈർപ്പം ആഗിരണം ചെയ്ത് തെക്കുപടിഞ്ഞാറൻ ദിശയിൽ നീങ്ങുന്നു.
   - അതിനാൽ ഇന്ത്യയുടെ കോറമണ്ഡൽ തീരത്ത് പ്രത്യേകിച്ച് തമിഴ്നാട് തീരത്ത് കനത്തമഴയ്ക്ക് കാരണമാകുന്നു.
6. അപരദനതീവ്രത താരതമ്യേന കുറവ് 1
7. 3
   - രാഷ്ട്രം ചരിത്രസൃഷ്ടിയാണ്.
   - സാമൂഹിക പരിണാമപ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു.
   - ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജനക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാനും പ്രതിസന്ധിഘട്ടങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനും കഴിയുന്ന ഏകസ്ഥാപനം ആണ് രാഷ് ട്രം.
8. 4
   - വൻതോതിൽ യന്ത്രനിർമ്മിത തുണിത്തരങ്ങളുടെ ഇറക്കുമതി.
   - അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.
   - യന്ത്രനിർമിത തുണിത്തരങ്ങളുടെ വിലക്കുറവ്.
   - പരമ്പരാഗതനെയ്ത്തുകാർക്ക് ഗ്രാമവിപണി നഷ്ടമായി.
   - റെയിൽവേയുടെ വികസനം
   - ഉയർന്ന നികുതി മൂലം ബ്രിട്ടണിലേയ്ക്കുള്ള കയറ്റുമതി
9. കേരളം 1
10. 3
    - നിശ്ചിതകാലത്തേയ്ക്ക് പണം നിക്ഷേപിക്കുന്നു.
    - ഉയർന്ന പലിശ ലഭിക്കുന്നു.
    - നിശ്ചിതകാലത്തിനു ശേഷമേ പിൻവലിക്കാവൂ.
    - കാലാവധി കൂടുന്നതനുസരിച്ച് പലിശ കൂടും.

11. 3

- നിരീക്ഷണ പഠനരീതി: കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ്.
- പങ്കാളിത്ത നിരീക്ഷണം : പഠനമേഖലയിൽ നിന്ന് നേരിട്ട വിവരം ശേഖരിക്കുന്ന രീതി.
- സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതി.
- പങ്കാളിത്തരഹിത നിരീക്ഷണം : സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിന് പുറത്തുനിന്ന് നിരീക്ഷണം നടത്തുന്നു.

12. 4

- വിലയ്ക്ക് വാങ്ങിയ സാധനത്തിന് കേടുപാട് സംഭവിക്കുക.
- വിവിധ സ്ഥാപനങ്ങളിലെ സേവനത്തിന് പോരായ്മകൾ ഉണ്ടാവുക.
- മായം ചേർക്കൽ നിരോധന നിയമം ലംഘിക്കുക.
- ജീവന് ഹാനികരമായ സുരക്ഷിതമല്ലാത്ത സാധനങ്ങൾ വിൽക്കുക.
- കൂടുതൽ വില്പനയ്ക്കുവേണ്ടി തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക.

13. 3

- ഗംഗ, ബ്രഹ്മപുത്രാ നദികളും പോഷകനദികളും
- ഗോദാവരി, കൃഷ്ണാ നദികളും പോഷകനദികളും
- ആന്ധ്രാ - തമിഴ് നാട് പ്രദേശത്തെ ബങ്കിംഹാം കനാൽ
- ഗോവയിലെ മാണ്ഡോവി,സുവാരി നദികൾ
- കേരളത്തിലെ കായലുകൾ

14. 4


- വൈക്കം സത്യാഗ്രഹം (1924)
- ഗുരുവായൂർ സത്യാഗ്രഹം (1931)
- നിവർത്തന പ്രക്ഷോഭം (1932)
- തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരം (1936)

15. 4

A) കൃഷ്ണാ നദി
B) ഛോട്ടാനാഗ്പൂർ പീഠഭൂമി
C) കണ്ട് ല തുറമുഖം
D) പത്കായിബും കുന്ന്

Bindumol P. R
Govt.GHSS Vaikom
Kottayam Dist.
Mob: 9496277360

Deepu V. S
HSS & VHSS Brahmamangalam
Kottayam Dist.
Mob: 9446921117,9496320945




Part B

16. 3

- എഴുതപ്പെട്ട ഭരണഘടനം
- ബി.ആർ. അംബേദ്കർ ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാൻ
- നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനയ്ക്ക് രൂപം നൽകി.
- ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഉയർന്നുവന്ന ആശയാഭിലാഷങ്ങളുടെ പ്രതിഫലനം
- 1950 ജനവരി 26 ന് ഭരണഘടന നിലവിൽ വന്നു.
- ഇന്ത്യ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു.

അല്ലെങ്കിൽ

- ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക.
- എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക
- സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
- വിധവാ പുനർവിവാഹം നടപ്പിലാക്കുക.

- ശൈശവവിവാഹം, പുരോഹിതമേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

17. 3

- പശ്ചിമവാതങ്ങൾ
- ധ്രുവീയവാതങ്ങൾ
- വാണിജ്യവാതങ്ങൾ

അല്ലെങ്കിൽ

- ലംബതലത്തിൽ നിന്ന് കണക്കാക്കിയാൽ ഭൂമിയുടെ അച്ചുതണ്ടിന് 23½° ചരിവുണ്ട്. പരിക്രമണവേളയിലുടനീളം ഭൂമി ഈ ചരിവ് നിലനിർത്തുന്നു. ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത.

18. 4

- ജനസംഖ്യാ വലുപ്പം -> ജനസാന്ദ്രത
- ജനസംഖ്യാ വളർച്ച ->
  - ജനനനിരക്ക്
  - മരണനിരക്ക്
- ജനസംഖ്യാ ഘടന ->
  - പ്രായഘടന
  - സ്ത്രീപുരുഷ അനുപാതം
  - തൊഴിൽ പങ്കാളിത്ത നിരക്ക്
  - ആശ്രയത്വനിരക്ക്

അല്ലെങ്കിൽ

<u>പ്രത്യക്ഷനികുതികൾ</u>

- നികുതി ചുമത്തപ്പെടുന്ന ആൾതന്നെ നികുതി അടയ്ക്കുന്നു.
- നികുതിഭാരം നികുതിദായകർ അറിയുന്നു.
- നികുതിപിരിവിന് ചെലവ് താരതമ്യേന കൂടുതലാണ്.
- ഉദാ:- വ്യക്തിഗത ആദായനികുതി, കോർപറേറ്റ് നികുതി

<u>പരോക്ഷനികുതികൾ</u>

- നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നല്കുന്നത് മറ്റൊരാളും.
- നികുതിദായകർ നികുതിഭാരം അറിയുന്നില്ല.
- നികുതിപിരിവിന് ചെലവ് താരതമ്യേന കുറവാണ്.
- ഉദാ:- എക്സൈസ് ഡ്യൂട്ടി, മൂല്യവർധിത നികുതി, കസ്റ്റംസ് തീരുവ, സേവന നികുതി

19. 4

- അഴിമതി തടയുന്നതിന് ദേശീയതലത്തിൽ രൂപംനൽകിയ സ്ഥാപനം
- 1964-ൽ നിലവിൽ വന്നു.
- കേന്ദ്രഗവൺമെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ടത്.
- സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലവൻ - കമ്മീഷണർ.
- എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസർ പ്രവർത്തിക്കുന്നു.
- കേസുകളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു.

അല്ലെങ്കിൽ

- ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം. പൗരബോധമുള്ളവർ അവനവനോടും

സമൂഹത്തോടും മാനവികതയോടും കൂറും ഉത്തരവാദിത്തമുള്ളവരായിരിക്കും.

പൗരബോധം - പ്രാധാന്യം

- സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെയും ഐക്യത്തെയും സഹായിക്കുന്നു.
- എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെ പുനർനിർമ്മാണത്തിനും ഉത്തമമായ പൗരബോധം വളർത്തിയെടുക്കണം.
- പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനും, സ്വന്തം നേട്ടങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യും. ഇത് സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാക്കില്ല.

20. 3

- ഇന്ത്യൻ സമൂഹം നേരിടുന്ന ദുരിതങ്ങൾക്കും പ്രതിസന്ധികൾക്കും എതിരായ പ്രതിഷേധം സാഹിത്യത്തിലൂടെ പ്രതിഫലിച്ചു.
- സാഹിത്യകാരന്മാർ തങ്ങളുടെ കൃതികളിലൂടെ പ്രതിഷേധം രേഖപ്പെടുത്തി ജനങ്ങളിലേയ്ക്ക് എത്തിച്ചു.
- ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെ ദുരിതങ്ങൾ തങ്ങളുടേതുകൂടിയാണെന്ന് അവർക്ക് അനുഭവപ്പെട്ടു.
- ഇന്ത്യൻ ജനത ഒറ്റക്കെട്ടായിനിന്ന് പ്രതിഷേധിക്കണമെന്ന് ബോധ്യപ്പെടുത്തി.
- കവിതകൾ, കഥകൾ , നാടകങ്ങൾ, നോവലുകൾ തുടങ്ങിയവയിലൂടെ എഴുത്തുകാർ തങ്ങളുടെ പ്രതിഷേധം ജനങ്ങളിൽ എത്തിച്ചു.
- ഇത് ജനങ്ങളിൽ ചൂഷണവിരുദ്ധ മനോഭാവവും സ്വന്തം രാജ്യത്തോട് ഇഷ്ടവും വളരുന്നതിന് കാരണമായി.

അല്ലെങ്കിൽ

- ഇന്ത്യയുടെ സാമ്പത്തികമായ ആധുനികവൽക്കരണത്തിൽ വൻകിട അണക്കെട്ടുകൾ പ്രധാന പങ്കു വഹിച്ചു.
- കൃഷിക്കാവശ്യമായ ജലവും വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതോർജവും ലഭിച്ചു.
- ഇന്ത്യയുടെ ഏറ്റവും വലിയ വിവിധോദ്ദേശ്യനദീതടപദ്ധതിയായ ഭക്രാനംഗൽ പദ്ധതി സ്വതന്ത്ര ഇന്ത്യയുടെ അഭിമാനമാണ്.
- ജലസേചനസൗകര്യം കാർഷികോല്പാദനം വർദ്ധിപ്പിച്ചു.
- കാർഷികപുരോഗതി കൈവന്നു.

21. 5

പ്രാദേശിക സമയം: ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയത്തെയാണ് പ്രാദേശിക സമയം എന്നു പറയുന്നത്.

- 45° പൂർവ്വരേഖാംശം - ഉച്ചയ്ക്ക് 1 മണി
- 30° പശ്ചിമരേഖാംശം - രാവിലെ 8 മണി
- 45° രേഖാംശം സഞ്ചരിക്കാനെടുക്കുന്ന സമയം = 45x4=180 മിനിറ്റ്= 3 മണിക്കൂർ
  45° പൂർവ്വരേഖാംശത്തിലെ സമയം = 10+3= **ഉച്ചയ്ക്ക് ഒരു മണി**
  30° രേഖാംശം സഞ്ചരിക്കാനെടുക്കുന്ന സമയം = 30x4=120 മിനിറ്റ്=2 മണിക്കൂർ
  30° പശ്ചിമരേഖാംശത്തിലെ സമയം = 10-2= **രാവിലെ 8 മണി**

അല്ലെങ്കിൽ

ഉപോഷ്ണ ഉച്ചമർദ്ദമേഖല

- മധ്യരേഖപ്രദേശത്തുനിന്ന് ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണമേഖലയിൽ എത്തുമ്പോഴേക്കും താഴുന്നു. ഇവിടെ ഉച്ചമർദ്ദമാണ് അനുഭവപ്പെടുന്നത്.
  ഉപധ്രുവീയ ന്യൂനമർദ്ദമേഖല

- ധ്രുവത്തിനോട് ഏറെ അടുത്തായതിനാൽ ഈ മേഖലയിൽ വായുവിന് തണുപ്പ് ഏറെയാണ്. അതിനാൽ ഭൂമിയോട് ചേർന്ന് നിലകൊള്ളുന്നവെങ്കിലും ഭൂമിയുടെ ഭ്രമണം മൂലം വായു മുകളിലേക്ക് ശക്തിയായി ചുഴറ്റി എറിയപ്പെടുന്നു. ഇതുമൂലം ഇവിടെ ന്യൂനമർദ്ദം അനുഭവപ്പെടുന്നു.
- **<u>പശ്ചിമവാതങ്ങൾ</u>**

22. 4

- രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കയും ചെയ്യുന്ന ഉദ്യോഗസ്ഥരെ **<u>ഉദ്യോഗസ്ഥവൃന്ദം</u>** എന്നു പറയുന്നു.
  <u>ചുമതലകൾ</u>
- രാജ്യത്തിന്റെ ഭൗതികവിഭവങ്ങളും മനുഷ്യവിഭവശേഷിയും പരമാവധി പ്രയോജനപ്പെടുത്തുക.
- ഇവയെ ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- <u>ലക്ഷ്യം</u> : ജനക്ഷേമം.

അല്ലെങ്കിൽ

<u>സംഘടനകൾ</u>
- അധികാരവും അവകാശങ്ങളും ലഭ്യമാക്കി ജനങ്ങളെ ശാക്തീകരിക്കുന്നു.
- വ്യക്തിയിൽ പൗരബോധവും രാഷ്ട്രീയബോധവും വളർത്തുന്നു.
- ഓരോ വ്യക്തിയുടെയും ചിന്തയേയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നു.
- ദേശീയബോധവും പൗരബോധവും വളർന്നു.
  <u>ജനാധിപത്യം</u>
- പൗരബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം.
- ജനാധിപത്യം ഒരു ജീവിതശൈലിയാണ്.
- നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ജനാധിപത്യസമീപനം ഉണ്ടായിരിക്കണം.
- ജനങ്ങൾ പരസ്പരസഹകരണത്തോടെ ജീവിക്കണം.
- മറ്റുള്ളവരിൽനിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുക.
- സഹജീവികളെക്കുറിച്ച് ചിന്തിപ്പിക്കാനും സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കുന്നു.
- നിയമവാഴ്ചയിൽ വിശ്വസിക്കുന്നു.

23. 4

- ജനസംഖ്യാ വർദ്ധനവ്
- പ്രതിരോധച്ചെലവിന്റെ വർദ്ധനവ്
- നഗരവൽക്കരണം
- ക്ഷേമപ്രവർത്തനങ്ങൾ
- സർക്കാർ സബ്സിഡികൾ
- വ്യവസായ വൽക്കരണം
- പ്രകൃതിക്ഷോഭങ്ങൾ

അല്ലെങ്കിൽ

- ജനങ്ങളുടെ ആവശ്യങ്ങളുടെ അളവ് അറിയാൻ
- പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യാൻ
- മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ
- അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ

- ആവശ്യമായ സാധനസേവനങ്ങളുടെ അളവ് തിട്ടപ്പെടുത്താൻ
- സാമ്പത്തിക സാമൂഹ്യ നയങ്ങൾ രൂപപ്പെടുത്താൻ

24. 6

- <u>രണ്ടാം ലോകയുദ്ധം കാരണങ്ങൾ</u>

➢ അതിതീവ്രമായ ദേശീയത
  - ഇറ്റലിയിലെ ഫാസിസം
  - ജർമ്മനിയിലെ നാസിസം

➢ സൈനിക സഖ്യങ്ങൾ
  - ◆ അച്ചുതണ്ടുശക്തികൾ -> ജർമ്മനി, ഇറ്റലി, ജപ്പാൻ
  - ◆ സഖ്യശക്തികൾ -> ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

➢ സാമ്രാജ്യത്വ മത്സരങ്ങൾ
  - ◆ ജപ്പാൻ - മഞ്ചൂറിയ ആക്രമണം
  - ◆ ഇറ്റലി - അബിസീനിയ കീഴടക്കി
  - ◆ ജർമ്മനി - റെയ് ൻ പ്രദേശം തിരിച്ചുപിടിച്ചു.
  - ◆ ഏഷ്യൻ ആഫ്രിക്കൻ കോളനികളുടെ വീതംവയ്ക്കൽ

➢ വേഴ്സായി സന്ധി

➢ സർവ്വരാഷ്ട്രസഖ്യത്തിന്റെ രൂപീകരണം (സമാധാനസംഘടന)

➢ പെട്ടെന്നുണ്ടായ കാരണം
  - ◆ ജർമ്മനിയുടെ പോളണ്ട് ആക്രമണം

<u>രണ്ടാം ലോകയുദ്ധം - ഫലങ്ങൾ</u>

- ദശലക്ഷക്കണക്കിനു പേർ കൊല്ലപ്പെട്ടു.
- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില തകർന്നു.
- യൂറോപ്യൻ രാജ്യങ്ങളുടെ ലോക മേധാവിത്വം തകർന്നു.
- ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
- ലോകസമാധാനം സംരക്ഷിക്കുന്നതിന് ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.

അല്ലെങ്കിൽ

<u>ചിയാങ്ങ് കൈഷക്കിന്റെ ഏകാധിപത്യം</u>

- ചൈനയുടെ ഭരണത്തലവൻ
- ഏകാധിപത്യത്തിന് തുടക്കം കുറിച്ചു.
- കമ്മ്യൂണിസ്റ്റുകളുമായുള്ള സഹകരണം ഉപേക്ഷിച്ചു.
- അമേരിക്ക അടക്കമുള്ള വിദേശ ശക്തികൾക്ക് യഥേഷ്ടം ചൈനയിൽ ഇടപെടാൻ അവസരമൊരുക്കി.
- ചൈനയിലെ കൽക്കരി , ഇരുമ്പുവ്യവസായങ്ങൾ, ബാങ്കിങ്, വിദേശവ്യാപാരം തുടങ്ങിയവയെല്ലാം വിദേശികളുടെ നിയന്ത്രണത്തിലായി.
- കൈഷക്കിന്റെ നയങ്ങളെ എതിർത്ത കമ്മ്യൂണിസ്റ്റുകാരെ ക്രൂരമായി എതിർത്തു.

<u>മാവോ സെതുങ്</u>

- ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്

- 1934-ൽ കമ്മ്യൂണിസ്റ്റുകൾ മാവോയുടെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്ന് യാത്ര ആരംഭിച്ചു.
- നിരവധി പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ട് യാത്ര യെനാനിൽ അവസാനിച്ചു.
- ധാരാളം കൃഷിഭൂമിയും, ഗ്രാമങ്ങളും പ്രഭുക്കന്മാരിൽനിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.
- ഏകദേശം 12,000 കി. മീ. സഞ്ചരിച്ച ഈ യാത്ര ' ലോങ്മാർച്ച് ' എന്നറിയപ്പെട്ടു.
- വിദേശാധിപത്യത്തിന് എതിരായ ചൈനീസ് ജനതയുടെ പോരാട്ടത്തിന്റെ പ്രതീകമായി മാറി.
- മാവോയുടെ ചുവപ്പുസേന കുമിന്താങ്ങ് ഭരണം കൈക്കലാക്കി. ചൈനയുടെ നേതൃത്വം ഏറ്റെടുത്തു.

<u>ജനകീയ റിപ്പബ്ലിക്ക്</u>

- മാവോ സെതുങ്ങിന്റെ നേതൃത്വത്തിൽ ഉള്ള ചുവപ്പുസേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കുകയും 1949 ഒക്ടോബർ 1 ന് ചൈന മാവോയുടെ നേതൃത്വത്തിൽ ജനകീയ റിപ്പബ്ലിക്ക് ആയി മാറുകയും ചെയ്തു.

25. <u>സൗരസ്ഥിര ഉപഗ്രഹങ്ങൾ</u> 4

- സഞ്ചാരപഥം ഭൗമോപരിതലത്തിൽ നിന്ന് ഏതാണ്ട് 1000 കി.മീ. താഴെയാണ്.
- ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണപരിധി.
- പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാകുന്നു.
- പ്രകൃതിവിഭവങ്ങൾ , ഭൂവിനിയോഗം, ഭൂഗർഭജലം മുതലായവയെക്കുറിച്ചുള്ള വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.
- വിദൂരസംവേദനത്തിന് മുഖ്യമായും ഈ ഉപഗ്രഹങ്ങളെ പ്രയോജനപ്പെടുത്തുന്നു.

അല്ലെങ്കിൽ

(i) <u>നാലക്ക ഗ്രിഡ് റഫറൻസ്</u>

ശവപ്പറമ്പ് : 7635

വാസസ്ഥലങ്ങൾ : 7636

(ii) <u>ആറക്ക ഗ്രിഡ് റഫറൻസ്</u>

നീരുറവ : 755355

കിണർ : 768367

Bindumol P. R
Govt.GHSS Vaikom
Kottayam Dist.
Mob: 9496277360

Deepu V. S
HSS & VHSS Brahmamangalam
Kottayam Dist.
Mob: 9446921117,9496320945